**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3067** **18-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ പുനർഗേഹം പദ്ധതിയിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും തുടർന്നും പുതിയ അപേക്ഷകൾ സ്വീകരിക്കുമോയെന്നും വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ പുനർഗേഹം പദ്ധതിയിലേക്ക് 323 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പുനർഗേഹം പദ്ധതിക്കായി നടത്തിയ സർവ്വേ പ്രകാരം പുനരധിവസിപ്പിക്കേണ്ടതായ 2609 പേരിൽ മാറിത്താമസിക്കുവാൻ തയ്യാറുള്ളവരും ആവശ്യമായ രേഖകൾ ഹാജരാക്കുന്നവരുമായ ഗുണഭോക്താക്കളുടെ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ലഭ്യമായ അപേക്ഷകളിൽ എത്രയെണ്ണത്തിന്റെ പരിശോധന പൂർത്തിയായിട്ടുണ്ടെന്നും എത്രയെണ്ണം ബാക്കിയുണ്ടെന്നും അംഗീകരിച്ച ഗുണഭോക്തൃപട്ടികയിൽ നിലവിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | പുനർഗേഹം പദ്ധതിയിലേക്ക് ലഭിച്ച അകെ അപേക്ഷകൾ-323. DLAC അംഗീകരിച്ചത്-321. രേഖകൾ പൂർണ്ണമല്ലാത്തതിനാൽ ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുള്ള അപേക്ഷകൾ -2. DLAC അംഗീകരിച്ച അപേക്ഷകളിൽ DLMC അംഗീകരിച്ചത്-87. |
| (സി) | പട്ടികയിൽ ഉൾപ്പെട്ടവരിൽ ആകെ എത്ര പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | 76 ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | രേഖകൾ സമർപ്പിച്ചവർക്ക് പണം കൈമാറാൻ ബാക്കിയുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര പേർക്കെന്നും വിശദമാക്കാമോ? | (ഡി) | പുനർഗേഹം പദ്ധതി പ്രകാരം രേഖകൾ സമർപ്പിച്ച 3 പേർക്കാണ് 16.03.2022 വരെ തുക അനുവദിക്കാനുള്ളത്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻ തുക കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ